പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2440 14.06. 2019 ൽ മറുപടിക്ക്

## രോഗിക്ക് ഓക്സിജൻ മെഷീൻ പ്രവർത്തിപ്പിക്കുന്നതിന് സൗജന്യ വൈദ്യുതി

ചോദ്യം

ശ്രീ.മോൻസ് ജോസഫ്

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) അത്യപൂർവ്വ രോഗം ബാധിച്ച് കിടക്കുന്ന രോഗിക്ക് ഓക്സിജൻ മെഷീൻ പ്രവർത്തിപ്പിക്കുന്നതിന് സൗജന്യ വൈദ്യുതി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ലീന സി.എൻ., ചൗരംകുന്നത്തു വീട്, വടക്കേനിരപ്പ് പി.ഒ, ഞീഴൂർ, കോട്ടയം നല്കിയിരുന്ന നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) ശ്രീമതി ലീന സി. എൻ , ചൗരം കുന്നത്ത് വീട്, വടക്കേ നിരപ്പ് പി.ഒ, ഞീഴൂർ കോട്ടയം എന്ന വ്യക്തിയുടെ പേരിൽ നൽകിയിരുന്ന നിവേദനത്തിൽ പരാമർശിച്ചിരുന്ന 1146494003525 നമ്പർ കൺസ്യൂമർക്ക് 9/02/2016 മുതൽ ലൈഫ് സപ്പോർട്ടിങ് ഉപകരണങ്ങൾ ഉപയോഗിക്കുന്നതുമൂലം അനുണ്ടായ അധിക വൈദ്യുതി ഉപയോഗത്തിന് സൗജന്യം നൽകി വരുന്നുണ്ട്. |
| (ബി) ഈ നിവേദനത്തിൽ തീരുമാനമെടുക്കുന്നതിനായി ഫയൽ ആരംഭിച്ചിട്ടുണ്ടോ. ഫയൽ നമ്പർ അറിയിക്കാമോ. ഈ ഫയൽ ഇപ്പോൾ ആരുടെ പക്കലാണെന്ന് അറിയിക്കാമോ? | (ബി) നിലവിലുള്ള ബോർഡ് ഉത്തരവ് പ്രകാരം ലൈഫ് സപ്പോർട്ടിങ് ഉപകരണങ്ങൾ ഉപയോഗിക്കുന്നതുമൂലമുണ്ടാകുന്ന അധിക വൈദ്യുതി ഉപയോഗത്തിനുമാത്രമേ സൗജന്യം അനുവദിക്കുവാൻ സാധിക്കുകയുള്ളൂ .അത് ലൈഫ് സപ്പോർട്ടിങ് മെഷീൻ വച്ചതിനു ശേഷമുണ്ടായ ഉപഭോഗത്തെ അടിസ്ഥാനമാക്കി 2016 ഫെബ്രുവരി മാസം മുതൽ ഈ ഉപഭോക്താവിന് നൽകുകയും ചെയ്യുന്നുണ്ട്. എന്നാൽ ഏതാനും മാസങ്ങളായി ടി ഉപഭോക്താവിന് ഉപഭോഗത്തിൽ വർദ്ധനവ് അനുഭവപെട്ടു തുടങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലൈഫ് സപ്പോർട്ടിങ് മെഷീൻ ഉപയോഗം മൂലമാണോ പ്രസ്തുത വർദ്ധനവെന്നു പരിശോധിച്ചു ആണെങ്കിൽ ഈ സൗജന്യത്തിൽ വർദ്ധനവ് വരുത്താനാകുമോയെന്നുള്ള കാര്യം ബോർഡ് പരിശോധിക്കുന്നതാണ് ഇതിനുവേണ്ടി ആരംഭിച്ച ഫയൽ (DB No.49/18-19/30.10.18) ഇപ്പോൾ കുറവിലങ്ങാട് അസിസ്റ്റന്റ് എൻജിനീയറുടെ പക്കലാണുള്ളത്. |

സെക്ഷൻ ഓഫീസർ